പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 980 — 07/02/2013-ൽ മറുപടിക്ക്

# പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

ചോദ്യം

ശ്രീ.വി.ഡി.സതീശൻ :
ശ്രീ. വർക്കല കഹാർ
ശ്രീ. പി.എ.മാധവൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; | (എ) | പ്രവേശനം ലഭിച്ച എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രാരംഭ ചെലവുകൾക്കായി 5,000/-രൂപ അനുവദിക്കുന്നു. പുറമേ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. കൂടാതെ ഈ വർഷം ലാപ് ടോപ്പുകളും വിതരണം ചെയ്ത് വരുന്നു. |
| (ബി) | ഇവർക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | 2010-11 വർഷം MBBS, B-Tech പ്രവേശനം ലഭിച്ച 128 പേർക്ക് 2011-12 സാമ്പത്തികവർഷവും 2011-12 വർഷം എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾ, കമ്പ്യൂട്ടർ അധിഷ്ഠിത ഡിഗ്രി ഡിപ്ളോമ കോഴ്സുകൾക്കും പ്രവേശനം ലഭിച്ച് ഇപ്പോൾ 2-ാം വർഷം പഠിക്കുന്ന 251 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നടപ്പ് സാമ്പത്തികവർഷവും ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ